(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഐഡി.കെ 7/1585/2016

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തീയതി:24.11.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പുറപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- പുറപ്പുഴ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ 3 -1,3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ-7/1585/2016 തീയതി:24.11.2016

# ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 13.6.2016 ൽ 31.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 4 എണ്ണം നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്.മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.11..2016മുതൽ 8.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബേബി സനൂജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി.സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ലീന പി.ബി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.എസ്.രാജീവ് | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.കെ.ഭാസ്കരൻ | 1.4.2015മുതൽ 31.10.2015വരെ |
| | ഭരണ നിർവ്വഹണ സമിതി | 1.11.2015മുതൽ18.11.2015വരെ |
| | ശ്രീമതി ഏലിക്കുട്ടി മാണി | 19.11.2015മുതൽ31.3.2016വരെ |
| സെക്രട്ടറി | ശ്രീ.പി.എസ്.തുളസീധരൻ പിള്ള | 1.4.2015മുതൽ 24.7.2015 വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി.പി.എച്ച്.സൽമ | 25.7.2015മുതൽ31.3.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| അസി.എഞ്ചിനീയർ | | ശ്രീ.ജി.ശ്രീകുമാർ | 1.4.2015 മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | | ഡോ.തോമസ് മണവാളൻ | 1.4.2015 മുതൽ 31.3.2016വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.കെ.തങ്കമണി | 1.4.2015മുതൽ 22.5.2015വരെ |
| | | ശ്രീ.കിഷോർ കുമാർ .എസ് | 23.5.2015മുതൽ 31.3.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.ലാലി മാത്യൂ | 1.4.2015മുതൽ 31.12.2015വരെ |
| | | ശ്രീമതി. സുധാമണിയമ്മ.എൽ | 1.1.2016മുതൽ 31.3.2016വരെ |
| വി.ഇ.ഓ | | ശ്രീ.വി.ജി.ശ്രീകുമാർ | 1.4.2015മുതൽ31.3.2016വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ.ടോമി ജോസ് | 1.4.2015മുതൽ31.3.2016വരെ |
| മെഡിക്കൽ ഓഫീസർ | ആരോഗ്യം | ഡോ.ബി.സുധാകർ | 1.4.2015 മുതൽ 31.3.2016വരെ |
| | ആയുർവേദം | ഡോ.പി.മിനി | 1.4.2015 മുതൽ 31.3.2016വരെ |
| | ഹോമിയോ | ഡോ.എൻ.പ്രീത | 1.4.2015 മുതൽ 31.3.2016വരെ |
| ക്ഷീര വികസന ഓഫീസർ | | ശ്രീമതി.എസ്.പി. സുപ്രിയാദേവി | 1.4.2015 മുതൽ 31.3.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്ക് പരിശോധനാ റിപ്പോർട്ട് | 1-12 |
| | ഭാഗം 2 | |
| 13 | ഡി&ഒ ലൈസൻസ് ഫീസ്- ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് | 2-1 |
| | ഭാഗം 3 | |
| 14 | കെ.എസ്.ഇ.ബി.യിൽ നിക്ഷേപം - പൂർത്തികരണ വിവരം ലഭ്യമല്ല | 3-1 |
| 15 | ചെലവ് തടസ്സം | 3-2 |
| 16 | എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് - പദ്ധതി നടപ്പായില്ല | 3-3 |
| 17 | ഫയലുകൾ ഹാജരാക്കിയില്ല | 3-4 |
| 18 | മീഡിയാശ്രീ പദ്ധതി - പദ്ധതി നടപ്പായില്ല | 3-5 |
| 19 | രേഖകൾ ഹാജരാക്കിയില്ല | 3-6 |
| 20 | ആശ്രയ ആക്കൌണ്ടിൽ വൻ തുക അവശേഷിക്കുന്നത് | 3-7 |
| | ഭാഗം 4 | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 24 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 30 | അനുബന്ധം -1 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 18.3.2015തിയതിയിലെ (II) തീരുമാനപ്രകാരം അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

വിശദമായ ബജറ്റും ബജറ്റ് സംക്ഷിപ്തവും മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പുതുക്കിയ ബജറ്റ് 2.3.2016 ലെ (I) തീരുമാനപ്രകാരം അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദമായ ബജറ്റും ബജറ്റ് സംക്ഷിപ്തവും മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 6.6.2016 | -- | -- |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം -1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10144418.00 |
| വരവ് | 169553740.00 |
| ആകെ | 27098158.00 |
| ചെലവ് | 24644107.00 |
| നീക്കിയിരിപ്പ് | 2454051.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 921911 | 6860650 | 7782561 | 4338487 | 79.38 |
| | എസ്.സി.പി | 1026076 | 980000 | 2006076 | 348800 | 17.39 |
| | ടി.എസ്.പി. | 111889 | 83000 | 194889 | 4800 | 2.46 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് | റോഡ് | 44764 | 3232000 | 3276764 | 2824879 | 86.2 |
| | നോൺറോഡ് | 917060 | 2320000 | 3237060 | 2946950 | 91.0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 1230546 | 2017171 | 3247717 | 3246202 | 99.95 |
| പെർഫോമൻസ് ഗ്രാന്റ് | | 1887829 | 0 | 1887829 | 1667361 | 88.32 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 11624 | 334262 | 345886 | 345381 | 99.85 |
| ബി ഫണ്ട് | | 0 | 12374534 | 12374534 | 12374534 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 93 | 28515259 | 74 | 16113022 | 7 | 12 | 79.56 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

ടി.എസ്.പി.,എസ്.സി.പി. എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുകകൾ പരമാവധി ചെലവഴിക്കേണ്ടതാണ്. ഓഡിറ്റ് വർഷം ടി ഇനത്തിൽ ലഭിച്ച തുകകൾ വളരെ കുറച്ച് മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 72.36% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2532194 | 1420710 | (-)1111484 | (-)78.23 |
| നികുതിയേതര വരവുകൾ | 398642 | 264208 | (-)134434 | (-)50.88 |
| മറ്റുവരവുകൾ | 41366 | 53458 | 12092 | 22.61 |
| ആകെ | 2972202 | 1738376 | (-)1233826 | (-)72.36 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 79680 | 41 |
| കർഷകതൊഴിലാളി പെൻഷൻ | 2866380 | 341 |
| വിധവാപെൻഷൻ | 3077920 | 278 |
| വാർദ്ധക്യകാലപെൻഷൻ | 4505520 | 504 |
| വികലാംഗപെൻഷൻ | 1408860 | 111 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 299200 | 27 |

## 1-10 ആഭ്യന്തര നിയന്ത്രണം

തനത് വരുമാന സ്രോതസ്സുകൾ വളരെ വിരളമായിട്ടുകൂടി നികുതി പിരിവ് ഫലപ്രദമായി നടത്തുന്നില്ല. വസ്തുനികുതിയിനത്തിൽ പതിനഞ്ചു ലക്ഷത്തിലധികം തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ , വസ്തുനികുതി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.10.2016 | 9/2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2004-05മുതൽ 2008-09വരെ | 22.2.2010 മുതൽ 6.3.2010 വരെ | 10.4.2010 |

## 1-12 വാർഷിക ധനകാര്യപത്രിക -പരിശോധനാറിപ്പോർട്ട്

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഷെഡ്യൂൾ ബി 11

ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ

രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

ഷെഡ്യൂൾ ബി 15

പഞ്ചായത്തിന്റെ പ്രധാന വരവിനങ്ങളായ വസ്തുനികുതി, തൊഴിൽനികുതി, ഡി&ഒ ലൈസൻസ് ഫീസ്, വാടക എന്നിവയ്ക്ക് കൃത്യമായ ഡേറ്റാബേസ് തയ്യാറാക്കി അക്കൌണ്ടിംഗ് സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കാത്തതിനാൽ പഞ്ചായത്തിൽ ലഭ്യമായ ഡിസിബി രജിസ്റ്ററുകൾ ആണ് മേൽ ഇനങ്ങളുടെ ആധികാരിക രേഖകളായി പരിഗണിച്ചത്.

എന്നാൽ ഡി.സി.ബി. രജിസ്റ്ററുകളിൽ (വസ്തു നികുതി, ബിൽഡിംഗ് പെർമിറ്റ്) ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി&ഒ ലൈസൻസ് -ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

ഗ്രാമ പഞ്ചായത്തിൽ 2014-15 വർഷത്തിൽ ഡി& ഒ ലൈസൻസ് എടുത്ത 106 സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ 2015-16 വർഷത്തിൽ 80 സ്ഥാപനങ്ങളേ ലൈസൻസ് എടുത്തിട്ടുള്ളൂ. ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിയ്ക്കുന്നുണ്ടെങ്കിലും ആയത് കാലികമാക്കുകയോ ലിസ്റ്റിലുള്ളവർ തന്നെ ലൈസൻസ് പുതുക്കുന്നുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നില്ല.ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടതും അതനുസരിച്ച് ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി നടത്തിപ്പിനായി വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുകകൾക്കുള്ള വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല. ചെലവു തടസ്സം

താഴെ വിശദീകരിച്ചിരിക്കുന്ന പ്രകാരം വിവിധ പദ്ധതികൾക്കായി വൈദ്യുതി ബോർഡിൽ തുക മുൻകൂറായി ഒടുക്കിയിട്ടുണ്ടെങ്കിലും പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| പദ്ധതി നം-പേര് | ബിൽ നം. തീയതി | തുക |
|---|---|---|
| 28/2016<br>തോയിപ്ര-തെങ്ങുമ്പള്ളി അംഗൻവാടികളിലേയ്ക്ക് വൈദ്യുതി ലൈൻ നീട്ടൽ- | 12/ 03.02.2016<br>17/ 19.02.2016 | ₹13900/-<br>₹28800/-<br>ആകെ.₹42700/- |

| | | |
|---|---|---|
| 84/2016 ഇരുട്ടുതോട് അംഗൻവാടി വൈദ്യുതി ലൈൻ നീട്ടൽ | 11/ 03.02. 2016 | ₹30321/- |
| 12/2016 നിലവിലുള്ള ലൈനിൽ സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രത്യേക ലൈൻ വലിക്കൽ | 2/ 30.02.2016 | ₹1155688/ |
| 6/2016 തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 3/ 30.06.2015 | ₹212000/- |
| ആകെ ചെലവ് | | 1440709/- |

## 3-2 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു ₹950000/-

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് തുകകൾ പിൻവലിച്ച് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ രൂ.950000/- ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്,പ്രോജക്ട് നം. | ബിൽ നമ്പർ/തിയതി | തുക | ആർക്ക് നൽകി |
|---|---|---|---|---|
| 1 | ഐ.എ.വൈ വിഹിതം-(റ്റി.എസ്.പി) പ്രോജക്ട് നം.93/16 | 17/520 /16/23.03.2016 | 60000 | ബി.ഡി.ഓ തൊടുപുഴ ബ്ളോക്ക് പഞ്ചായത്ത് |
| 2 | ഐ.എ.വൈ വിഹിതം (ജനറൽ) പ്രോജക്ട് നം.86/16 | 10/15-16/29.12.2015 | 340000 | ബി.ഡി.ഓ തൊടുപുഴ ബ്ളോക്ക് പഞ്ചായത്ത് |
| 3 | എസ്.എസ്.എ.വിഹിതം പ്രോജക്ട് നം.31/16 | 1/15-16/13.01.2016 | 550000 | പ്രോജക്ട് ഓഫീസർ ഇടുക്കി |
| | ആകെ | | 950000 | |

## 3-3 എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ - പദ്ധതി പൂർത്തിയായില്ല-ചെലവ് തടസ്സം ₹257500/-

പദ്ധതി നം.108. ആയി അംഗീകാരം ലഭിച്ച ഈ പദ്ധതിയിൽ 50 എൽ ഇ ഡി തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി ബിൽ നം.21 തീയതി.26.03.2016 പ്രകാരം.257500/-രൂപ കെൽട്രോൺ, തിരുവനന്തപുരം

എന്ന പേരിൽ ചെലവായിട്ടുണ്ട്. കെൽട്രോണിൽ നിന്നുമുള്ള കൈപ്പറ്റ് രശീത് ഫയലിൽ ലഭ്യമല്ല. സ്ഥാപിച്ച ലൈറ്റുകളുടെ നമ്പർ, പോസ്റ്റിന്റെ നമ്പർ എന്നിവയുൾപ്പെടുന്ന വിശദാംശം ലഭ്യമല്ല. തുക ചെലവായി എട്ടുമാസങ്ങൾ പിന്നിട്ടതിനു ശേഷവും പദ്ധതി നടപ്പാകാത്തതിനാൽ ചെലവു തടസ്സപ്പെടുത്തുന്നു.

## 3-4 ഫയലുകൾ ഹാജരാക്കിയില്ല

| ബിൽ നമ്പർ/തിയതി | തുക |
|---|---|
| 1/15-16/23.02.2016 | 125000 |
| പ്രോജക്ട് നമ്പർ | 27/16 |

മെഡിക്കൽ ഓഫീസർ(ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ ആലപ്പുഴയിലുള്ള ഹോംകോ-യ്ക്ക് ₹1,25,000/-നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ വിവരം, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹1,25,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മീഡിയാശ്രീ പദ്ധതി - മുഴുവൻ തുകയും മുൻകൂറായി നല്കി, പദ്ധതി നടപ്പായില്ല. ചെലവു തടസ്സം.₹65000/-

പദ്ധതി നം.3ആയി അംഗീകാരം ലഭിച്ച് 65000/-രൂപ അടങ്കലുള്ള ഈ പദ്ധതിയിൽ തൻവർഷം 65000/-രൂപയുടെ ഡി.ഡി(നം.830290-23/06/2015) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ മറ്റ് പദ്ധതി പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. ചെലവു തടസ്സപ്പെടുത്തുന്നു.

## 3-6 രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സം ₹50000/-

| ബിൽ നമ്പർ/ തിയതി | തുക |
|---|---|
| 13/15-16/23.01.16 | 50000 |
| പ്രോജക്ട് നമ്പർ 168/16 | |

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജീവിത ശൈലി രോഗ നിയന്ത്രണം യോഗയിലൂടെ എന്ന പരിശീലനത്തിനായി 9 ബാച്ച് (90 ക്ലാസ്സ്)പരിശീലനം നൽകിയതിന് ₹50000/- മെഡിക്കൽ ഓഫീസർ കൈപ്പറ്റിയിട്ടുണ്ട്. രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.പരിശീലനം നടത്തിയതിന്റെ വിവരം,എത്ര ഗുണഭോക്താക്കൾക്കാണ് പരിശീലനം നൽകിയിട്ടുള്ളത്,പരിശീലനം നൽകിയവരുടെ

വിവരം ഉടങ്ങിയവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ആയതിനാൽ ₹50000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ആശ്രയ -അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു.

ദാരിദ്ര നിർമ്മാർജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പ്രോജക്ട് ഉണ്ടായിരിക്കണം. ആശ്രയ പ്രേജക്ട് തയ്യാറാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആശ്രയ അക്കൗണ്ടിൽ രണ്ട് ഘട്ട പ്രോജക്ടുകളിലായി യഥാക്രമം 262856/-യും 747393/-യും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. തൻവർഷം ₹160000/-വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ടെങ്കിലും ആയത് 2016-2017-ലേക്കാണ് ചെലവഴിച്ചിട്ടുള്ളത്. അഗതികളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകള്ക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനുനല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെങ്ങുംപിള്ളി - തോയിപ്ര അംഗൻവാടികളിലെ വൈദ്യുതി ലൈൻ നീട്ടൽ | 12/3.2.2016<br>17/19.2.2016 | 13900<br>28800 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | |
| | ഇരുട്ടുതോട് അംഗൻവാടി വൈദ്യുതി ലൈൻ നീട്ടൽ | 11/3.2.2016 | 30321 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | |
| | സ്ട്രീറ്റ് ലൈറ്റിനുവേണ്ടി ലൈൻ വലിക്കൽ | 2/30.6.2015 | 1155688 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | |
| | തെരുവു വിളക്കുകൾക്ക് | 3/30.6.2015 | 212000 | വിനിയോഗ | |

| | | | | | |
|---|---|---|---|---|---|
| | മീറ്റർ സ്ഥാപിക്കൽ | | | വിവരം ലഭ്യമാക്കിയിട്ടില്ല. | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3(1) | 1000 | ശ്രീ.എം.എൻ.വിജയൻ,സെക്രട്ടറി | 115011101381/7.1.2016 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16953740 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 24644107 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2888209 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1440709 | ശ്രീമതി.പി,എച്ച്.സൽമ, സെക്രട്ടറി |
| 3-2 | 950000 | ശ്രീ.വി.ജി.ശ്രീകുമാർ, വി.ഇ.ഒ |
| 3-3 | 257500 | ശ്രീമതി.പി,എച്ച്.സൽമ, സെക്രട്ടറി |
| 3-4 | 125000 | ഡോ. എൻ. പ്രീത മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-5 | 65000 | ശ്രീമതി.പി,എച്ച്.സൽമ, സെക്രട്ടറി |
| 3-6 | 50000 | ഡോ.പി.മിനി,മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.ഐ.7/86/2000/17.7.2000 | | |

| | | | |
|---|---|---|---|
| 1999-2000 | എൽ.എഫ്.ഐ.7/736/2000/16.2.2001 | | |
| 2001-02 | എൽ.എഫ്.ഐ.7/518/03/7.10.2003 | | |
| 2002-03 | എൽ.എഫ്.ഐ.7//286/04/16.6.2004 | | |
| 2003-04 | എൽ.എഫ്.ഐ.7/620/05/4.4.2006 | | |
| 2004-05 | എൽ.എഫ്.ഐ.7/214/07/6.3.2007 | | |
| 2005-06 | എൽ.എഫ്.ഐ.7/55/08/30.8.08 | | |
| 2006-07 | എൽ.എഫ്.ഐ.7/876/08/27.2.09 | | |
| 2007-08 | എൽ.എഫ്.ഐ.7/479/10/17.9.10 | | |
| 2008-09 | എൽ.എഫ്.ഐ.10/481/11/7.12.11 | | |
| 2009-10 | എൽ.എഫ്.ഐ.10/482/11/7.12.11 | | |
| 2010-11 & 2011-12 | എൽ.എഫ്.ഐ.10/1104/12/4.3.13 | | |
| 2012-13 & 2013-14 | എൽ.എഫ്.ഐ.7/1092/14/13.11.14 | | |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.7/815/2016/21.6.2016 | | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഐ.ഡി.കെ 7/1585/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി:24.11.2016
Ph:04862-227332
e-mail:doidk.ksad.@kerala.gov.in

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

KSAIDK-7/1585/2016

Kerala State Audit Department
District Audit Office, Idukki
Thodupuzha, Date:24.11.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of PURAPPUZHA Grama Panchayat in Idukki District for the year ended on 31.3.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 , the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of PURAPPUZHA Grama Panchayat for the year 2015-16 except observations in my Audit Report, properly presents the picture of income & expenditure.

DEPUTY DIRECTOR
IDUKKI